# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**2011-12-ലെ പദ്ധതിയിനത്തിൽ നിന്നും വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്ക് നൽകിയ തുക**

**3091 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിൽ 2011-12-ലെ പദ്ധതിയിനത്തിൽ നീക്കിവച്ച തുകയിൽ നിന്നും വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്ക് തുക നൽകാൻ സർക്കാർ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്കാണ് 2011-12-ൽ ഇത്തരത്തിൽ തുക യഥേഷ്ടം കൈമാറ്റം ചെയ്യാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### വാർഷിക പദ്ധതി രൂപീകരണ നടപടികൾ

3092 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജൂണിൽ 20% വും ഡിസംബറിൽ 70% വും പദ്ധതി നിർവ്വഹണം പൂർത്തിയാക്കണമെന്ന ധനകാര്യ നിർദ്ദേശം നിലനില്ക്കെ ജൂൺ പകുതിയായിട്ടും പദ്ധതി രൂപീകരണ നടപടികൾ പോലും ആരംഭിക്കാത്ത ഗുരുതരമായ പ്രശ്നം എങ്ങനെ പരിഹരിക്കുമെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2012-13 വർഷത്തെ പദ്ധതി രൂപീകരണം</u>**

**3093 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം ഇപ്പോൾ എതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബിഃ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടപ്പ് വർഷത്തിൽ പുതിയ നിർദ്ദേശങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകാത്തത് പദ്ധതി രൂപീകരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം</u>

3094 ശ്രീ. എം. എ. ബേബി
'' കെ. വി. അബ്ദുൾ ഖാദർ
'' റ്റി. വി. രാജേഷ്
'' രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗത്തിന് കൂടുതൽ സ്വാതന്ത്ര്യം ആവശ്യമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം രംഗത്താണ് സ്വാതന്ത്ര്യം കുറവുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കൂടുതൽ സ്വാതന്ത്ര്യം നൽകുന്നതിനായി പുതുതായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) നിലവിലുള്ള ഉപാധിരഹിത ഫണ്ട് എത്രയാണ് ; ഇത് വർദ്ധപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിനിർവ്വഹണത്തിൽ വരുത്തുന്ന കാലതാമസം ഒഴിവാക്കാൻ നടപടി</u>

3095 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകൾ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കുന്നതിനും പണം ചെലവഴിക്കുന്നതിനും മാർഗ്ഗരേഖ തയ്യാറാക്കുമോ;

(സി) സർക്കാർ തലത്തിലുള്ള ചില നിയന്ത്രണങ്ങൾ യഥാസമയം പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസത്തിനിടയാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ത്രിതല പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം**

3096 ശ്രീ. പി .എ. മാധവൻ
,, വർക്കല കഹാർ
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി സാങ്കേതിക ഉപദേശക സമിതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ഇതിന് പകരമായി എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### ഗ്ലോബൽ റൂറൽ മീറ്റ്

3097 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്ലോബൽ റൂറൽ മീറ്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മീറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എവിടെയാണ് മീറ്റ് സംഘടിപ്പിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകൾക്ക് പണം ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖ**

3098 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് പണം ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖ നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ മേഖലകളിൽ ചെലവഴിക്കേണ്ട ഫണ്ടിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ചില പ്രത്യേക മേഖലകളിൽ ആവശ്യാനുസൃതം ഫണ്ടുകൾ ചെലവഴിക്കാനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ

## 22.06.2012 -ലെ മറുപടിക്ക്

ത്രിതല പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത്

3099 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കുന്നതിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) എന്ന് മുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിൽ ഇ-പേയ്മെന്റ് സംവിധാനം**

3100 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനങ്ങൾ എന്നുമുതൽ പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**2011-12 ലെ ബഡ്ജറ്റിൽ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുക**

**3101 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പ്രഞ്തായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ ബഡ്ജറ്റിൽ പഞ്ചായത്ത് രാജ് /നഗരപാലിക സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുക എത്രയെന്ന് പറയുമോ ;

(ബി) ഇതിൽ എത്ര തുക പ്രസ്തുത സ്ഥാപനങ്ങളക്ക് കൈമാറിയെന്ന് അറിയിക്കാമോ ;

(സി) ആകെ വകയിരുത്തിയിരുന്ന തുകയുടെ എത്ര ശതമാനം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പൊന്നുംവിലയ്ക്ക് എടുത്ത ഭൂമിയും തരിശുഭൂമിയും പബ്ലിക്- പ്രൈവറ്റ് പങ്കാളിത്ത പദ്ധതികൾക്ക് ലഭ്യമാക്കാൻ നടപടി**

3102 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊന്നുംവിലയ്ക്ക് എടുത്ത മിച്ചംവന്ന ഭൂമിയും ഉപയോഗിക്കാതെ കിടക്കുന്ന തരിശുഭൂമിയും പഞ്ചായത്തുകളുടെ പബ്ലിക് പ്രൈവറ്റ് പങ്കാളിത്ത പദ്ധതികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഇത്തരം ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായോ; ശേഖരിച്ച സ്ഥിതിവിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്ത് എത്ര സ്വകാര്യ പങ്കാളികളെ കണ്ടെത്തുകയുണ്ടായി ;

(ഡി) മുൻവർഷത്തെ ബഡ്ജറ്റിലെ ഈ പദ്ധതി നടപ്പിലാക്കുകവഴി എത്ര ഏക്കർ ഭൂമി ഏതെല്ലാം പദ്ധതികളിലൂടെ വികസനോന്മുഖമാക്കുകയുണ്ടായെന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ജില്ല - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിത്തുക**

3103 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ല - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി തുക ചെലവഴിക്കുന്നതിന്റെ പരിധി 80 ശതമാനത്തിൽനിന്നും 60 ശതമാനമാക്കി കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 2011-12 വർഷത്തിൽ ജില്ല - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത ജില്ല - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിയിനത്തിൽ പ്രസ്തുത വർഷം അനുവദിക്കപ്പെട്ട തുകയിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിവിഹിതം ചെലവഴിക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചകളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>ഇ.എം.എസ്. ഭവന പദ്ധതിയുടെ സർവ്വേ</u>**

**3104** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **ഇ.എം.എസ്. ഭവന പദ്ധതിയുടെ സർവ്വേപ്രകാരം എത്ര ഭൂരഹിത കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്; എത്ര ഭവന രഹിത കുടുംബങ്ങൾ ഉണ്ട്;**

(ബി) **ഇതിൽ എത്രപേർക്ക് ഭൂമി നൽകി ; എത്ര പേർക്ക് ഭവനം നിർമ്മിച്ചു നൽകി; വിശദമാക്കാമോ;**

(സി) **ഈ പദ്ധതിയിൽ ഇനി എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുവാൻ ബാക്കിയുണ്ട്; വിശദമാക്കാമോ?**

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'ആശ്രയ' പദ്ധതിയിൻകീഴിൽ 2011-12 ൽ പഞ്ചായത്തുകൾക്ക് അനുവദിച്ച തുക**

**3105 ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കിവരുന്ന 'ആശ്രയ' പദ്ധതിയിൻ കീഴിൽ 2011-12 ൽ പഞ്ചായത്തുകൾക്ക് അനുവദിച്ച തുക എത്രയെന്ന് പറയാമോ;

(ബി) എത്ര പഞ്ചായത്തുകളിലെ പ്രോജക്ടിന് ഇക്കാലയളവിൽ അംഗീകാരം നൽകി; അവ ഏതെല്ലാമാണ് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ 'ആശ്രയ' പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'മാലിന്യമുക്ത കേരളം പദ്ധതി'**

T 3106 **ശ്രീ. കെ. രാധാകൃഷ്ണൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. ജെയിംസ് മാത്യു**
**,, ബി. സത്യൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) 'മാലിന്യ മുക്തകേരളം പദ്ധതി' യുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) **പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ ബജറ്റിൽ നീക്കിവച്ചിരുന്ന തുകയെത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു വിശദാംശം ലഭ്യമാക്കുമോ ;**

(സി) **പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഇതുവരെ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### ഗ്രാമപഞ്ചായത്തുകളിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾ

3107 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഗ്രാമപഞ്ചായത്തുതലത്തിൽ സർക്കാരിന്റെ ഭവനപദ്ധതികൾ തുടരുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇ. എം. എസ്. ഭവന പദ്ധതി തുടരുന്നില്ലെങ്കിൽ ദുർബല വിഭാഗങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുന്ന മറ്റ് പദ്ധതികൾ തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇ. എം. എസ്. ഭവന പദ്ധതിയിൽ 2011-12 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് പണി പൂർത്തിയാക്കാത്തവർക്ക് ഇനി പണി പൂർത്തിയാക്കിയാൽ പ്രസ്തുത പദ്ധതി പ്രകാരം ഉള്ള തുക അനുവദിക്കുമോ; അതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഐ. എ. വൈ. പദ്ധതിയിൽ ജനറൽ, എസ്. സി./എസ്. ടി. എന്നീ വിഭാഗക്കാർക്ക് യഥാക്രമം 2 ലക്ഷം രൂപയും 2.5 ലക്ഷം രൂപയും നൽകുമ്പോൾ ഇ. എം. എസ്. ഭവന പദ്ധതിയിൽ കരാർ ഏർപ്പെട്ടവർക്ക് യഥാക്രമം 75,000 രൂപ, 1 ലക്ഷം രൂപ എന്നിങ്ങനെയാണ് നൽകിയിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എല്ലാവിഭാഗം പദ്ധതിയിൽപ്പെട്ടവർക്കും ഒരേ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ: വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമയാത്ര പരിപാടിയില്‍ ലഭിച്ച പരാതികളും ചെലവായ തുകയും</u>

3108 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ്മന്ത്രി പഞ്ചായത്തുകളില്‍ നടത്തുന്ന ഗ്രാമയാത്ര പരിപാടിയില്‍ നാളിതുവരെ ലഭിച്ച പരാതികളുടെ എണ്ണം അറിയിക്കുമോ ;

(ബി) ഗ്രാമയാത്ര നടത്തുന്നതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നറിയിക്കുമോ ;

(സി) ഇതിനോടകം ഗ്രാമയാത്ര കടന്നുപോയ പഞ്ചായത്തുകള്‍ക്ക് വഹിക്കേണ്ടിവന്ന ചെലവ് 'കില'യില്‍ നിന്നും മടക്കിനല്‍കിയോ ; എത്ര പഞ്ചായത്തുകള്‍ക്ക് അപ്രകാരമുള്ള തുക മടക്കി നല്‍കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമയാത്ര പരിപാടി മുഖേന ലഭ്യമായ പരാതികള്‍ക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെല്‍ മുഖാന്തരം പരിഹാരം കണ്ട അപേക്ഷകളുടെ എണ്ണം അറിയിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളുടെ പദ്ധതി അംഗീകാരത്തിനായുള്ള ടാസ്ക് സംവിധാനം**

3109 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചാത്തുകളുടെ പദ്ധതി അംഗീകാരത്തിനായി നിലവിലുണ്ടായിരുന്ന ടാസ്ക് സംവിധാനം (ടി.എ.ജി.) നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാരിന് ലഭിച്ച ഏത് ശുപാർശ പ്രകാരമാണ് നിർത്തലാക്കിയതെന്നും പകരം സംവിധാനം എന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് സംബന്ധിച്ച്**

3110

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ 2012 13 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായുളള പുതിയ പദ്ധതികളും മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ പുരോഗതി</u>

3111 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ വയോജനക്ഷേമം, ഭിന്നശേഷിയുള്ളവരുടെ സേവനം, കുട്ടികൾക്കുള്ള പദ്ധതി, പാലിയേറ്റീവ് കെയർ എന്നിവയ്ക്കുള്ള പദ്ധതി വിഹിതം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പശ്ചാത്തലമേഖലയിൽ ചെലവഴിക്കുവാനുള്ള പരമാവധി തുക എത്ര ശതമാനമായി വർദ്ധിപ്പിച്ചു ; ഉൽപാദനമേഖലയിൽ പഞ്ചായത്ത് തലത്തിൽ 12-ാം പഞ്ചവത്സര പദ്ധതി മുതൽ എത്ര ശതമാനം തുക ചെലവഴിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) വാർഡുകൾതോറും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീ നടത്തുന്ന സാമൂഹ്യ-സാമ്പത്തിക-സംഘടനാ ശാക്തീകരണ പദ്ധതി**

**3112** ഡോ. കെ. ടി. ജലീൽ
ശ്രീ. എ. എം. ആരിഫ്
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ നടത്തുന്ന സാമൂഹ്യ-സാമ്പത്തിക- സംഘടനാ ശാക്തീകരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കുടംബശ്രീയുടെ സൂക്ഷ്മസ്വയംതൊഴിൽ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) കുടുംബശ്രീ ഉത്പന്നങ്ങളുടെ പ്രദർശനത്തിലും വിപണനത്തിനുമായി തദ്ദേശസ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീയുടെ സാമൂഹ്യ - സാമ്പത്തിക - സംഘടനാ ശാക്തീകരണ പദ്ധതി**

**3113 ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ നടത്തുന്ന സാമൂഹ്യ - സാമ്പത്തിക - സംഘടനാ ശാക്തീകരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കുടുംബശ്രീയുടെ സൂക്ഷ്മ സ്വയംതൊഴിൽ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കില്ലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ - പ്രദർശനത്തിനും, വിപണനത്തിനുമായി തദ്ദേശസ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**2011-12ൽ കുടുംബശ്രീ മിഷന് അനുവദിച്ച തുക**

**3114 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12ൽ കുടുംബശ്രീ മിഷന് എന്ത് തുക അനുവദിച്ച് നൽകിയെന്ന് പറയുമോ;

(ബി) അനുവദിക്കപ്പെട്ട തുകയ്ക്ക് പുറമേ കുടുംബശ്രീ മിഷന് അധികമായി തുക ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത മിഷന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത മിഷനെക്കൂടാതെ ദാരിദ്ര്യനിർമ്മാർജ്ജന യത്നവുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും സർക്കാരിതര സന്നദ്ധ സംഘടനകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(ഇ) ഏതെല്ലാം സംഘടനകൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീ ചെയർപേഴ്സണ് നൽകുന്ന ഓണറേറിയം**

**3115** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബശ്രീ ചെയർപേഴ്സണ് നൽകുന്ന 1000 രൂപ ഓണറേറിയം വർദ്ധിപ്പിക്കാനുള്ള തീരുമാനം ധനവകുപ്പ് തടഞ്ഞതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം തടസ്സപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീ ചെയർപേഴ്സണ് നൽകുന്ന ഓണറേറിയം വർദ്ധിപ്പിക്കാൻ ശുപാർശ**

**3116** **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ കുടുംബശ്രീ ചെയർപേഴ്സൺമാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;**

(ബി) **എത്ര രൂപയാണ് നിലവിൽ കുടുംബശ്രീ ചെയർപേഴ്സണ് ഓണറേറിയമായി നൽകിവരുന്നതെന്ന് അറിയിക്കുമോ; ഇതിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടപ്പാക്കിയ സംഘകൃഷി**

3117 **ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12 വർഷങ്ങളിൽ സംസ്ഥാനത്ത് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടപ്പാക്കിയ സംഘകൃഷിയുടെ വിജകരമായ നടത്തിപ്പിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സംസ്ഥാനത്ത് തരിശുരഹിത പഞ്ചായത്തുകൾ സൃഷ്ടിക്കാൻ ഈ പദ്ധതിക്ക് കഴിയുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ നടപ്പുവർഷം ഇതിനായി എത്രതുക നീക്കിവെച്ചിട്ടുണ്ടെന്നും, ഇതിനായി പഞ്ചായത്തുകളിൽ നിന്ന് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) സംഘകൃഷിയിൽ ഏതെങ്കിലും തരത്തിൽ നഷ്ടം വന്നിട്ടുള്ള സംഘങ്ങൾക്ക് മുൻകാലങ്ങളിൽ സഹായങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ തുടർന്നും സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമസഭകൾ ശക്തിപ്പെടുത്താൻ നടപടി**

3118 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;**

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

**<u>സ്ഥലം ഉടമയുടെ വീടിന് ചേർന്ന് മരം വച്ചു പിടിപ്പിക്കുന്നതിന്റെ ദൂരപരിധി - നിയമനിർമ്മാണം</u>**

T 3119 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്രാജ് നിയമത്തിൽ ഒരാളിന്റെ വസ്തുവിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് സമീപവാസിയുടെ വീടിന്റെ ചുമരിൽനിന്നും നിശ്ചിത അകലം പാലിച്ച് മാത്രമായിരിക്കണം എന്നകാര്യത്തിൽ നിയമ മില്ലായെന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമത്തിന്റെ അഭാവംമൂലം സമീപവാസികൾ മറ്റുള്ള വരുടെ വീടിനോട് ചേർന്ന് വൃക്ഷതൈകൾ നട്ടുപിടി ക്കുന്നത് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) സമീപത്തുള്ള വീടിന്റെ നാല് ചുവരുകളിൽനിന്നും നിശ്ചിത അകലം മാലിച്ച് മാത്രമേ വൃക്ഷതൈകൾ വച്ചുപിടിക്കാവൂ എന്ന നിയമം പഞ്ചായത്ത്, മുനിസി പ്പൽ നിയമങ്ങളിൽ അടിയന്തിരമായി ഉൾക്കൊള്ളിക്കു ന്നതിന് ശ്രമിയ്ക്കുമോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിലെ പദ്ധതികൾ അംഗീകരിക്കുന്നതിനായുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് സംവിധാനം**

3120 **ഡോ. ടി. എം. തോമസ് ഐസക്**
**ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ. കെ. വി. വിജയദാസ്**
**,, കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പദ്ധതി അംഗീകാരത്തിനായി നിലവിലുണ്ടായിരുന്ന ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് സംവിധാനം(ടി. എ. ജി) നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന് ലഭിച്ച ഏത് ശുപാർശയുടെ അടിസ്ഥാനത്തിലാണ് ടി. എ. ജി. സംവിധാനം നിർത്തലാക്കിയതെന്നും അതിനുള്ളപകരം സംവിധാനം എന്താണെന്നും വിശദമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം വേണമെന്ന ആവശ്യം**

3121 **ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗത്തിന് കൂടുതൽ സ്വാതന്ത്ര്യം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഫണ്ട് വിനിയോഗത്തിൽ സ്വാതന്ത്ര്യം കുറഞ്ഞിട്ടുള്ളതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം നല്കുന്നതിനായി പുതുതായി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇപ്പോഴത്തെ ഉപാധിരഹിത ഫണ്ട് എത്രയാണ് ; ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പബ്ലിക്-പ്രൈവറ്റ്-പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ അനുമതി</u>**

**3122 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പബ്ലിക്-പ്രൈവറ്റ്-പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്ലാനിംഗ് ബോർഡ് ഇക്കാര്യത്തിൽ വല്ല നിർദ്ദേശങ്ങളും മുന്നോട്ട് വെച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഏതെല്ലാം നഗരങ്ങളിൽ പി.പി.പി. വ്യവസ്ഥയിൽ സംരംഭങ്ങൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഡി) ഇത് സംബന്ധമായ വ്യവസ്ഥകൾക്ക് അന്തിമ രൂപം നല്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഇത്തരം സംരംഭങ്ങൾക്ക് സർക്കാർ വക ഭൂമി നല്കാനുദ്ദേശമുണ്ടോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കുന്ന നടപടി**

3123 ശ്രീ. എസ്. ശർമ്മ
,, സാജു പോൾ
,, ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കാൻ സർക്കാർ അനുമതി നൽകാറുണ്ടോയെന്നു വ്യക്തമാക്കുമോ; ഇത് സംബന്ധമായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ഇപ്രകാരം സർക്കാർ നൽകുന്ന അനുമതികൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ അനുമതിയോടു കൂടി തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കപ്പെടുന്ന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പരിശോധിക്കാറുണ്ടോ ;

(ഡി) സ്വന്തം പിതാവിന്റെ പേരിൽ സ്വകാര്യ വ്യക്തികൾ ഉണ്ടാക്കിയ ട്രസ്റ്റിന് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് പിരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കാൻ നടപടി</u>**

3124 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കാൻ സർക്കാർ അനുമതി നല്കാറുണ്ടോ; ഇത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) ഗവൺമെന്റ് നൽകുന്ന അനുമതികൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗവൺമെന്റ് അനുമതിയോടുകൂടി തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കപ്പെടുന്ന ഫണ്ടുകളുടെ വിനിയോഗം പരിശോധിക്കാറുണ്ടോ;

(ഡി) സ്വന്തം പിതാവിന്റെ പേരിൽ, സ്വകാര്യവ്യക്തികൾ ഉണ്ടാക്കിയ ട്രസ്റ്റിന്, തദ്ദേശസ്ഥാപനത്തിൽ നിന്നും ഫണ്ട് പിരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുത ശ്മശാനം അനുവദിക്കുന്നതിനുളള മാനദണ്ഡങ്ങൾ</u>**

**3125**

**ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വൈദ്യുത ശ്മശാനം അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) കുറഞ്ഞത് എത്ര സെന്റ് ഭൂമിയാണ് വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യമായിട്ടുളളതെന്ന് വിശദികരിക്കുമോ;

(സി) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുവാൻ വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വാർഡുകളിലെ പ്രവർത്തനങ്ങൾക്ക് പണം ചിലവഴിക്കാൻ പഞ്ചായത്ത് അംഗങ്ങൾക്ക് അനുവാദം നൽകുന്നതിന് നടപടി**

3126 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടിയന്തിരഘട്ടങ്ങളിൽ വാർഡുകളിലെ പ്രവർത്തനങ്ങൾക്കായി പണം ചെലവഴിക്കുന്നതിന് പഞ്ചായത്ത് അംഗങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് അംഗങ്ങൾക്ക് എത്ര രൂപവീതം ചെലവഴിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അനുവാദം നൽകിയിട്ടില്ലെങ്കിൽ നിശ്ചിത തുക വാർഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുവാനുള്ള അധികാരം അംഗങ്ങൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വിദ്യാലയ പരിസരത്ത് പുകയില - പാൻമസാല വില്പന ദൂരപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച്**

**3127 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങളും പാൻമസാലയും വിൽക്കുന്നതിന് ദൂരപരിധി ഉയർത്തിയ മന്ത്രിസഭാ തീരുമാനം തദ്ദേശസ്വയംഭരണവകുപ്പ് അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; മന്ത്രിസഭാ തീരുമാനം അട്ടിമറിച്ച തദ്ദേശസ്വയംഭരണവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>സി. എച്ച്. ചെയറിന് സാമ്പത്തിക സഹായം</u>

3128 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാതിര സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഫണ്ട് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സി. എച്ച്. ചെയറിന് എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

**കോഴിക്കോട് സര്‍വ്വകലാശാലയിലെ സി.എച്ച്. ചെയറിന് സാമ്പത്തിക സഹായം നല്‍കുന്ന നടപടി**

**3129** **ശ്രീ. ഇ. പി. ജയരാജന്‍**

**,, ബാബു എം. പാലിശ്ശേരി**

**,, എ. പ്രദീപ് കുമാര്‍**

**,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:**

(എ) **കോഴിക്കോട് സര്‍വ്വകലാശാലയിലെ സി.എച്ച്. ചെയറിന് സാമ്പത്തിക സഹായം നല്‍കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് സര്‍ക്കാര്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ ;**

(ബി) **പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തില്‍ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ ഫണ്ട് നല്‍കിയിട്ടുണ്ടെന്നും ഇപ്രകാരം എത്ര തുക ലഭിച്ചു എന്നും വ്യക്തമാക്കാമോ ?**

(സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തില്‍ സി. എച്ച്. ചെയറിന് എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സി.എച്ച്. മുഹമ്മദ് കോയ ചാരിറ്റബിൾ സെൻറർ സമാഹരിക്കുന്ന തുകയുടെ വിനിയോഗം**

3130 ഡോ. കെ.ടി. ജലീൽ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രസ്തുത സ്ഥാപനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ സെൻറർ എന്ന സ്ഥാപനത്തിന്റെ ഭാരവാഹികളുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഫണ്ട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഫണ്ട് നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം സമാഹരിക്കുന്ന തുക ചാരിറ്റബിൾ സെൻറർ എങ്ങിനെ വിനിയോഗിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സി. എച്ച്. മുഹമ്മദ് കോയ ചാരിറ്റബിൾ ട്രസ്റ്റിന് ലഭിച്ച ഫണ്ട്**

3131 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്ററിന്റെ ഭാരവാഹികൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് നൽകുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര വീതം ഫണ്ട് പ്രസ്തുത സെന്ററിൽ ലഭിച്ചിട്ടുണ്ട് ;

(ഡി) ഇപ്രകാരം സമാഹരിക്കുന്ന തുക ചാരിറ്റബിൾ സെന്റർ എങ്ങനെ വിനിയോഗിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ ഫണ്ട് നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'കില'യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

**3132 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മുൻ വർഷം ഇവിടെ നടന്ന പരിശീലനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'കില' യുടെ പ്രാദേശീക കേന്ദ്രങ്ങൾ തുടങ്ങുവാൻ നടപടി**

**3133 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കിലയുടെ പ്രാദേശിക കേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് എന്ന്‌വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് എത്ര പ്രാദേശിക കേന്ദ്രങ്ങൾ ആണ് ആരംഭിക്കുന്നത് ; ഇവയ്ക്ക് ഭൂമിയും കെട്ടിടവും ലഭ്യമാണോ ; സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ പ്രാദേശിക കേന്ദ്രം കോട്ടയത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സംരംഭത്തിനു വേണ്ടി എത്ര കോടി രൂപയാണ് സർക്കാർ ചെലവ് പ്രതീക്ഷിക്കുന്നത് ; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുറ്റ്യാടി പഞ്ചായത്തിലെ നീർച്ചാലുകൾ നികത്തിയതു കാരണമുണ്ടായ ഗതാഗത - മാലിന്യപ്രശ്നങ്ങൾ**

**3134 ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നീർച്ചാലുകൾ നികത്തിയത് സംബന്ധിച്ച് കുറ്റ്യാടി പഞ്ചായത്ത് ഏതെങ്കിലും വ്യക്തികളുടെ പേരിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തികൾ ആരാണെന്നും അവർക്കെതിരെ ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) നികത്തിയത് സ്വാഭാവിക നീർച്ചാലാണെന്ന് സ്ഥാപിക്കുന്നതിനായി പഞ്ചായത്തിന് എന്തെങ്കിലും രേഖ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത രേഖകളുടെയെല്ലാം പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഫലമായി നീർച്ചാലുകൾ പുന:സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഇ) നീർച്ചാൽ നികത്തിയതു കാരണമുണ്ടായ ഗതാഗതതടസം, മാലിന്യപ്രശ്നങ്ങൾ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

3135 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിലെ ക്രമവൽക്കരണത്തിന് കാലതാമസം**

**3136 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ നഴ്സറി ടീച്ചറായ ശ്രീമതി. എൻ.വി. ഗീതയെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി ക്രമവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് നൽകുന്നതിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ട്; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>കുമ്പള, ചെങ്കള ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി</u>**

**3137 ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള എന്നീ ഗ്രാമ പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക ഇല്ലാത്തത് പദ്ധതി പ്രവർത്തനങ്ങളെയും ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>കാസറഗോഡ് ജില്ലയിലെ പഞ്ചായത്തുകളിലെ ജീവനക്കാരുടെ ഒഴിവുകൾ</u>**

**3138 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്നും വിശദമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഒരു ഗ്രാമ പഞ്ചായത്തിന് ഒരു എഞ്ചിനീയർ എന്ന നിയമനരീതി**

3139 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു ഗ്രാമ പഞ്ചായത്തിന് ഒരു എഞ്ചിനീയർ എന്ന രീതിയിൽ നിയമിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമപഞ്ചായത്തുകളിൽ പുനർവിന്യാസം മുഖേന ജോലി ചെയ്യുന്ന ജീവനക്കാർ**

3140 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വിവിധ വകുപ്പുകളിൽ നിന്നും പുനർവിന്യാസം വഴി എത്രജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ പഞ്ചായത്തുകളുടെ കീഴിലുള്ള കടത്തുകളുടെ ലേലം**

**3141**

**ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ചെറിയ കടത്തുകൾ ലേലം ചെയ്യുമ്പോൾ ഏറ്റെടുക്കുവാൻ ആളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം കടത്തുകളാണ് ഏറ്റെടുക്കാത്തതെന്നു വിശദമാക്കുമോ;

(സി) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കടത്തുകൾ പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലാക്കി ലേലതുക വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അല്ലെങ്കിൽ കടത്തുകൾ നടത്തുന്നതിന് കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്ക് ഗ്രാന്റ് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ

## 22.06.2012 -ലെ മറുപടിക്ക്

**<u>വൈക്കം നിയോജകമണ്ഡലത്തിൽ മഴക്കാല പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ</u>**

**3142 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വൈക്കം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വൈക്കത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഈ പ്രവർത്തനങ്ങൾക്കായി കൂടുതൽ ആളുകളെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ ധനസഹായം

3143 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ബയോഗ്യാസ് പ്ലാന്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി**

3144 **ശ്രീ. മോൻസ് ജോസഫ്**
**,, സി. എഫ്. തോമസ്**
**,, റ്റി. യു. കുരുവിള**
**,, തോമസ് ഉണ്ണിയാടൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് ഗവൺമെന്റ് സബ്സിഡി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി**

**3145 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കിയശേഷം നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണം നടത്തുന്നവർ വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ മുൻപ് നിലവിലുണ്ടായിരുന്ന കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ്**

**3146 ശ്രീ. പി.കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എല്ലാ പഞ്ചായത്തിലും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കേന്ദ്രസര്‍ക്കാര്‍ ഗ്രാന്റിന്റെ വിനിയോഗം**

3147 ശ്രീ. വര്‍ക്കല കഹാര്‍
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പ് മുഖേന കേന്ദ്രസര്‍ക്കാര്‍ ഗ്രാന്റ് ലഭിക്കുന്നതിനായി സ്ഥാപനങ്ങള്‍ രജിസ്റ്റര്‍ ചെയ്യുന്നതിനുള്ള നിബന്ധനകളും ആയതിന്റെ നടപടിക്രമങ്ങളും എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികള്‍ക്കാണ് കേന്ദ്ര സര്‍ക്കാരില്‍നിന്നും ധനസഹായം ലഭിക്കുന്നത് ;

(സി) ഗ്രാന്റ് തുക പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ആ മേഖലയില്‍ തന്നെ ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാന്‍ എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വൃദ്ധജനസംരക്ഷണത്തിനായി പദ്ധതികള്‍**

**3148** **ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൃദ്ധജനങ്ങളെ സംരക്ഷിക്കാനും സഹായിക്കാനുമായി സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്കരിച്ച പദ്ധതികള്‍ എന്തൊക്കെയാണെന്നും ഇക്കാര്യത്തില്‍ വകുപ്പ് എത്ര മാത്രം കാര്യക്ഷമമായി പ്രവര്‍ത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) വയോജനങ്ങളെ പുനരധിവസിപ്പിക്കാന്‍ ഈ സര്‍ക്കാര്‍ പുതിയ വൃദ്ധസദനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ;

(സി) ചേര്‍ത്തല അര്‍ത്തുങ്കല്‍ തീരദേശ വനിതാ സമാജം സര്‍ക്കാര്‍ നിബന്ധനകള്‍ക്ക് വിധേയമായി വൃദ്ധസദനം ആരംഭിക്കുന്നതിന് അപേക്ഷ നല്‍കിയിരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത സംരംഭത്തിന് അനുമതി നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

വയോജനങ്ങളുടെ എണ്ണം

3149 ശ്രീ. സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭാവിയിൽ വയോജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വയോജനങ്ങൾക്കിടയിൽ സ്ത്രീകളുടെ എണ്ണം സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും, അവരുടെ കർമ്മശേഷിയും പ്രായോഗിക പരിജ്ഞാനവും സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുമായി നൂതന പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താവുന്ന മേഖലകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വയോമിത്രം പദ്ധതി**

3150 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി
,, സണ്ണി ജോസഫ്
,, വി.റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വയോമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവര്‍ത്തനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'ആശ്വാസ കിരണം' പദ്ധതി**

3151 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീവ്രമായ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും, ബുദ്ധിമാന്ദ്യമുള്ളവർക്കും ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്കും ധനസഹായം നൽകുന്ന 'ആശ്വാസ കിരണം' എന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ഇന്ദിരാ ഗാന്ധി ദേശീയ വാര്‍ദ്ധക്യകാല പെന്‍ഷന്‍ പദ്ധതി</u>**

**3152 ഡോ. ടി.എം. തോമസ് ഐസക്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വാര്‍ദ്ധക്യകാല പെന്‍ഷന്‍ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര രൂപയാണ് അര്‍ഹരായവര്‍ക്ക് നല്‍കി വരുന്നത്;

(സി) ഇപ്പോള്‍ നല്‍കി വരുന്ന പെന്‍ഷന്‍ തുക വര്‍ദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പെന്‍ഷന്‍ വിതരണത്തില്‍ കുടിശ്ശികയുണ്ടോ;

(ഇ) എങ്കില്‍ ഏത് കാലയളവിലെ പെന്‍ഷനാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും തന്റേടം ജൻഡർ പാർക്ക് ആരംഭിക്കാൻ നടപടി**

3153 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

'തന്റേടം ജൻഡർ പാർക്ക്' പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>ശിശുക്ഷേമസമിതിയുടെ പ്രവര്‍ത്തന സ്തംഭനം</u>

**3154** ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ശിശു ക്ഷേമ സമിതിയുടെ നിലവിലെ അവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയില്‍ നിലവിലുണ്ടായിരുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയെ പിരിച്ച് വിട്ട നടപടി പുന:പരിശോധിച്ചിട്ടുണ്ടോ;

(സി) ഹൈക്കോടതി ഇതിന്മേല്‍ എന്തു നിര്‍ദ്ദേശമാണ് നല്‍കിയത്;

(ഡി) 14.5.2012-ല്‍ ചേര്‍ന്ന ജനറല്‍ ബോഡി യോഗം സംബന്ധിച്ച് ഹൈക്കോടതിയ്ക്ക് സമര്‍പ്പിച്ച റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ശിശുക്ഷേമ സമിതിയ്ക്കുള്ള ബഡ്ജറ്റ് വിഹിതം**

**3155 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശിശുക്ഷേമ സമിതിയ്ക്ക് പദ്ധതിയിനത്തിൽ എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നത് ;

(ബി) ഇതിൽ എന്ത് തുക സമിതിക്ക് നൽകിയിട്ടുണ്ട് ;

(സി) 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശിശുക്ഷേമ സമിതിയ്ക്ക് എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള പദ്ധതികൾ**

3156 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൗമരാക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, സംരക്ഷണം, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നല്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; വിശദീകരിക്കുമോ;

(ബി) ഐ.സി.ഡി.എസ്. ശൃംഖലയിലുള്ള ഓരോ അംഗൻവാടിയിലും കൗമാര പ്രായത്തിലുള്ള കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ അത്തരത്തിൽ ക്ലബ്ബുകൾ രൂപീകരിക്കാത്ത അംഗൻവാടികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ക്ലബ്ബുകൾ അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) 'കിഷോരി ശക്തിയോജന' പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ കൗമാരക്കാരായ എത്ര കുട്ടികൾക്ക് ലഭിക്കുന്നുണ്ട്; വിശദാംശം നല്കാമോ ;

(ഇ) 'കിഷോരി ശക്തിയോജന' പദ്ധതയ്ക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>കാൻസർ സുരക്ഷാ ഫണ്ടിൽ നിന്നുള്ള ധനസഹായം</u>**

**3157 ഡോ. ടി. എം. തോമസ് ഐസക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിലുള്ള കാൻസർ സുരക്ഷാ ഫണ്ടിലേയ്ക്ക് 2011-2012 സാമ്പത്തിക വർഷം എന്ത് തുക നീക്കിവച്ചിരുന്നു ;

(ബി) കാൻസർ ബാധിച്ച കുട്ടികൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും എന്ത് തുകയാണ് നൽകി വരുന്നത് ;

(സി) 2011-2012ൽ എത്ര കുട്ടികൾക്ക് സഹായധനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫണ്ടിൽ നിന്നും ധനഹായം ആവശ്യപ്പെട്ടുകൊണ്ട് 2011-2012 കാലയളവിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര അപേക്ഷകളിന്മേലാണ് ഇനി തീരുമാനമെടുക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

3158 **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അശരണരെ സഹായിക്കുന്നതിനായി കൊണ്ടുവന്ന 'ആശ്രയ' പദ്ധതി കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രധാന ലക്ഷ്യം, പ്രവർത്തന രീതി എന്നിവ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഇനിയും നടപ്പിലാക്കാത്ത പഞ്ചായത്തുകളുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 22.06.2012 -ലെ മറുപടിക്ക്

<u>മംഗല്യ പദ്ധതി</u>

3159 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മംഗല്യ പദ്ധതി ആരംഭിച്ചത് എപ്പോഴാണ് എന്നറിയിക്കുമോ ;

(ബി) ഇതുവരെയായി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ആനുകൂല്യം നൽകി എന്നും അറിയിക്കാമോ ;'

(സി) മംഗല്യ പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തനം ഏതു രീതിയിലാണെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>വിധവകളുടെ പുനർ വിവാഹത്തിന് ധനസഹായം</u>**

**3160 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ പുനർ വിവാഹത്തിന് കാൽലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം ലഭ്യമാക്കിയെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

**<u>വിധവകളുടെ പുനർ വിവാഹത്തിന് ധനസഹായം</u>**

**3161 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2007 ഏപ്രിലിനു ശേഷം പുനർ വിവാഹം നടത്തിയിട്ടുള്ള ബി.പി.എൽ. കാർഡ് അംഗങ്ങളും 18നും 50നും ഇടയിൽ പ്രായമുള്ളവരുമായ എത്ര വിധവകൾക്ക് മംഗല്യ പദ്ധതി പ്രകാരം അനുവദിക്കുന്ന 25,000 രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതേവരെ എത്രപേർക്ക് പ്രസ്തുത ധനസഹായം നല്കിയിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**‘ഫിനിഷിംഗ്- സ്കൂൾ - ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം’**

**3162** **ശ്രീ. എസ് രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തൊഴിലന്വേഷകരായ സ്ത്രീകൾക്ക് പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകുന്നതിനായി മുൻ സർക്കാർ ആവിഷ്ക്കരിച്ച ഫിനിഷിംഗ് -സ്കൂൾ - ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;**

(ബി) **പ്രസ്തുത പ്രോഗ്രാം മുഖേന എത്ര പേർക്ക് പരിശീലനം ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും അറിയിക്കുമോ ;**

(സി) **ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ശാരീരിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് മോട്ടോർ വാഹനങ്ങൾ നൽകുന്ന പദ്ധതി**

3163 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി സൗജന്യമായി മോട്ടോർ വാഹനങ്ങൾ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മുൻഗണനാക്രമം തീരുമാനിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ തുക നീക്കി വെച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള ധനസഹായം</u>**

3164 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നത്;

(ബി) ഇത്തരത്തിലുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് ഏതെങ്കിലും വിധത്തിലുള്ള ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്കുള്ള സഹായധനം**

3165

**ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന പ്രസ്തുത തുക ലഭ്യമാക്കുന്നതിന് സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ ആർക്കാണ് അപേക്ഷ നൽകേണ്ടത്; ഇത് അനുവദിക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈമാറ്റം ചെയ്യപ്പെട്ട ഈ തുക വിവിധ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ടോ; ഇത്തരത്തിൽ 2012-13 സാമ്പത്തിക വർഷം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) രാഷ്ട്രീയ പാർട്ടികളുടെ ഔദ്യോഗിക ഭാരവാഹികൾ ചെയർമാനായിട്ടുള്ള ഏതെല്ലാം സംഘടനകൾക്ക് ഇക്കാലയളവിൽ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്</u>

3166 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് നൽകിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തിരിച്ചറിയൽ കാർഡ് ഏതെല്ലാം കാര്യങ്ങൾക്കുള്ള സാക്ഷ്യപത്രമായി ഉപയോഗിക്കാമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യുന്നതുൾപ്പെടെ വികലാംഗർക്ക് ഈ തിരിച്ചറിയൽ കാർഡിന്റെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വികലാംഗ ക്ഷേമ കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങൾ**

**3167**

**ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വികലാംഗർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വിശദീകരിക്കാമോ;

(ബി) വികലാംഗർക്ക് നൽകി വരുന്ന സ്വയംതൊഴിൽ വായ്പയുടെ പരിധി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വായ്പ കുടിശ്ശിക അടച്ചുതീർക്കാൻ കോർപ്പറേഷൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ?

# കേരള നിയമസഭ
## 22.06.2012 –ലെ മറുപടിക്ക്

**<u>ഉയരക്കുറവുള്ളവരെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>**

**3168 ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉയരക്കുറവുള്ളവർ നേരിടുന്ന സാമൂഹിക, ശാരീരിക വെല്ലുവിളികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര പേരുണ്ട് എന്നത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാണോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉയരം കുറഞ്ഞവരെ വികലാംഗരായി പരിഗണിച്ച് വികലാംഗ സർട്ടിഫിക്കറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### <u>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി</u>

**3169 ഡോ. ടി.എം. തോമസ് ഐസക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഇപ്പോൾ എത്ര രൂപയാണ് അർഹതപ്പെട്ടവർക്ക് നൽകിവരുന്നത്;

(സി) ഇപ്പോൾ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഈ പദ്ധതിയിൻപ്രകാരമുള്ള പെൻഷൻ വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; എത്ര നാളത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>വാര്‍ധക്യകാല പെന്‍ഷന്‍</u>

3170 ശ്രീ. കെ.കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രായപൂര്‍ത്തിയായ മക്കളുള്ളവര്‍ക്കും വാര്‍ധക്യകാല പെന്‍ഷന്‍ ലഭ്യമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പെന്‍ഷന്‍ നല്‍കുമ്പോള്‍ സര്‍ക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; അധിക ബാദ്ധ്യത വരുന്ന തുക ഈയിനത്തിലുള്ള ഹെഡ്ഡില്‍ അധികമായി വകകൊള്ളിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വയോജന പെന്‍ഷനും ഇന്‍ഷ്വറന്‍സ് പദ്ധതികളും**

3171

**ശ്രീ. ബി.ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വയോജന പെന്‍ഷന്‍, വയോജനങ്ങള്‍ക്കായുള്ള ഇന്‍ഷ്വറന്‍സ് പദ്ധതികള്‍ എന്നിവ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) വയോജന പെന്‍ഷന്‍ നല്കുന്നതിനുളള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ് എന്നറിയിക്കുമോ;

(സി) അംഗനവാടികള്‍ വഴി വൃദ്ധജനങ്ങള്‍ക്ക് പോഷകാഹാരം നല്‍കുന്ന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>അവിവാഹിതകളായ സ്ത്രീകൾക്ക് പെൻഷൻ</u>**

3172

**ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവിവാഹിതകളായ സ്ത്രീകൾക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് വകുപ്പാണ് അനുവദിക്കുന്നതെന്നും ഇതിനുളള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) അപേക്ഷിക്കുന്നതിന് നിർദ്ദിഷ്ട ഫോറം ഉണ്ടോ; എങ്കിൽ ഫോറത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രതിമാസം എത്ര രൂപയാണ് പെൻഷൻ അനുവദിക്കുന്നത്;

(ഇ) അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>അംഗനവാടി ജീവനക്കാരുടെ പെന്‍ഷന്‍ പ്രായം</u>**

3173 **ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ അംഗനവാടി ജീവനക്കാരുടെ പെന്‍ഷന്‍ പ്രായം എത്രയാണ്; വ്യക്തമാക്കുമോ;

(ബി) അംഗനവാടി ജീവനക്കാരുടെ പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ എപ്രകാരമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പെന്‍ഷന്‍ സര്‍ക്കാരാണോ നല്‍കുന്നത്; എങ്കില്‍ ഇതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സി. എൽ. മഹാദേവൻ എന്നയാളുടെ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി**

3174 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ എത്ര കുട്ടികൾക്ക് നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീ. സി. എൽ. മഹാദേവൻ, ചെങ്ങേലിൽ വീട്, കിഴക്കുംപുറം. പി.ഒ, മണ്ണൂർ, പാലക്കാട് എന്നയാളുടെ രണ്ടു കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം സർജറി ചെയ്യുന്നതിന് അപേക്ഷ നൽകിയിട്ടും നാളിതുവരെ സർജറി നടത്താൻ കഴിഞ്ഞിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കുട്ടികൾക്ക് എത്രയുംവേഗം സർജറി നടത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**അംഗനവാടി വർക്കർമാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം**

**3175**

**ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള ഓണറേറിയം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് വർദ്ധിച്ച നിരക്കിലുള്ള ഓണറേറിയം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ കുടിശ്ശിക ആവശ്യപ്പെട്ട് അംഗനവാടി വർക്കർമാർ പ്രക്ഷോഭം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ക്ഷേമപെൻഷനുകൾക്ക് വില്ലേജ് ഓഫീസർമാർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റ്**

3176 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പഞ്ചായത്തുകൾ മുഖേന നൽകുന്ന ക്ഷേമപെൻഷനുകൾക്കും, പദ്ധതികൾക്കും അപേക്ഷ നൽകാൻ വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റ് നിർബന്ധമാണോയെന്ന്
വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>വികലാംഗരുടെ പേരിൽ നടത്തിവരുന്ന സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ നടപടി</u>**

3177 **ശ്രീ. ജോസഫ് വാഴക്കൻ**
**,, പാലോട് രവി**
**കെ. ശിവദാസൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ പേരിൽ നടത്തിവരുന്ന സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**ഐ. സി. ഡി. എസ്.ന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

**3178**

**ശ്രീ. ടി. എന്‍. പ്രതാപന്‍**
**,, ഐ. സി. ബാലകൃഷ്ണന്‍**
**,, ഹൈബി ഈഡന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഐ. സി. ഡി. എസ്. ന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ എന്തെല്ലാം കര്‍മ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുളളത്;

(ബി) എങ്കില്‍ പ്രസ്തുത കര്‍മ്മ പരിപാടികളുടെ പ്രവര്‍ത്തനങ്ങള്‍ ഏകീകരിക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(സി) ഇതിനായി സംസ്ഥാന-ജില്ലാ തലങ്ങളില്‍ സെല്ലുകള്‍ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>അംഗൻവാടികൾ</u>

**3179 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്;

(ബി) അവയിൽ എത്ര അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്;

(സി) എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>പുതിയ അംഗൻവാടികൾ</u>**

**3180 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിനുവേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെ നിന്നെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം</u>

3181 **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അംഗനവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്; അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി നബാർഡ് എത്ര രൂപയാണ് അനുവദിച്ചിട്ടുളളതെന്നും ഇതിൽ എത്ര രൂപ നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും ആയതിൽ എത്ര അംഗനവാടികൾക്ക് ഫണ്ട് അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

ബാലഭവന് കെട്ടിടം നിർമ്മിക്കാൻ നടപടി

3182 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച ബാലഭവന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ ബാക്കി തുക ഏത് വിധത്തിൽ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>നിർമ്മാണത്തിലിരിക്കുന്ന അംഗൻവാടികൾ</u>

3183 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ ആരംഭിച്ച അംഗൻവാടികളുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന അംഗൻവാടികളുടെ എണ്ണം എത്രയാണെന്നതിന്റെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ; അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൽപ്പറ്റ തരിയോട് ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽപ്പെട്ട ശാന്തിനഗർ കോളനിയിലെ അംഗൻവാടിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഐ. സി. ഡി. എസ് പ്രോജക്ട് ഓഫീസിന്റെ കെട്ടിട നിർമ്മാണം**

3184 **ശ്രീ. റ്റി.വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി അഡീഷണൽ ഐ. സി. ഡി. എസ് പ്രോജക്ട് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**അംഗൻവാടികൾക്ക് കെട്ടിടം**

3185 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ആകെ എത്ര അംഗൻവാടികൾ നിലവിലുണ്ട്; പഞ്ചായത്തു തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളവ എത്ര;

(സി) സ്വന്തമായി ഭൂമിയുള്ളതും കെട്ടിടമില്ലാത്തതുമായ അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനായി ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിലേക്കായി ഒരു പദ്ധതി രൂപീകരിക്കുമോ;

(ഡി) സ്വന്തമായി ഭൂമിയില്ലാത്ത അംഗൻവാടികൾക്ക് ഭൂമി വിലയ്ക്കു വാങ്ങി കെട്ടിടം പണിയുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**അംഗൻവാടി ട്രെയിനിംഗ് സെന്റർ കെട്ടിടം പണി**

**3186 ശ്രീ. കെ.കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പിണറായി അംഗൻവാടി ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.06.2012 -ലെ മറുപടിക്ക്

**ഓര്‍ഫനേജുകള്‍**

**3187** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയില്‍ ഓര്‍ഫനേജ് കണ്‍ട്രോള്‍ ബോര്‍ഡിന്റെ അംഗീകാരമുള്ള എത്ര ഓര്‍ഫനേജുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; അവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓര്‍ഫനേജുകള്‍ക്ക് പ്രസ്തുത ബോര്‍ഡിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ വിശദീകരിക്കാമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയില അംഗൻവാടികൾ</u>

3188 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിന് കീഴിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

മുച്ചക്രവാഹന വിതരണ പദ്ധതി

3189 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗർക്കായി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന മൂന്നുചക്ര വാഹനങ്ങൾ നൽകൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിക്ക് അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണ് ; ഇതിന് പ്രത്യേക അപേക്ഷാഫാറം ഉണ്ടോ ; എങ്കിൽ ആയതിന്റെ മാതൃക ലഭ്യമാക്കാമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസി വഴിയാണ് ; ഇതിന് ഗുണഭോക്താവ് തുക അടക്കേണ്ടതുണ്ടോ ; ഏത് ഏജൻസി വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>സാമൂഹ്യക്ഷേമവകുപ്പിൽ പുതിയ തസ്തികകൾ</u>**

**3190 ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കു ന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നുവെന്നറിയിക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിലെ പ്രവേശന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സത്വര നടപടി സ്വീകരിക്കുമോ ;

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾകാലോചിതമായി പരിഷ്ക്കരിക്കുന്നതിനും ഈ സർക്കാർ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തി ട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

സി. ഡി. പി.ഒ തസ്തികയിലെ നിയമനം

3191 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ സി. ഡി. പി.ഒ തസ്തികയിലെ നിയമത്തിനായുള്ള സ്പെഷ്യൽ റൂൾ നിലവിൽ വന്ന ശേഷം പ്രസ്തുത തസ്തികയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; 31.05.2012 വരെയുള്ള കാലയളവിൽ സി. ഡി. പി.ഒ. മാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) എല്ലാ ഒഴിവുകളിലും നിയമനം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>സ്ഥിരനിയമനം ലഭിച്ചവരുടെ എണ്ണം</u>**

**3192** ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഓരോ തസ്തികയിലും സ്ഥിര നിയമനം ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>വനിതാ ഗൃഹനാഥയായവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി</u>

**3193 ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2009-10 കാലയളവിൽ വനിതാ ഗൃഹനാഥരായവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്;

(ബി) 2010-11 ലും 2011-12 ലും ഈ പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 13.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.